No. CEE/4600/2019/KEAM-2020/TA4

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# വിജ്ഞാപനം

## KEAM-2020

## 2020–ലെ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി കോഴ്സുകളിലേക്കുള്ള പ്രവേശന ഷെഡ്യൂൾ

2020–ലെ എഞ്ചിനീയറിംഗ്/ ആർക്കിടെക്ചർ/ ഫാർമസി കോഴ്സുകളിലേക്ക് **23.10.2020**–ന് പ്രസിദ്ധീകരിച്ച കേന്ദ്രീകൃത അലോട്ട്മെന്റ് പ്രക്രിയയിലൂടെ അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ പറയുന്ന പ്രകാരം പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അടയ്ക്കേണ്ട ഫീസ്/ അധിക തുക (ബാധകമെങ്കിൽ) **24.10.2020** മുതൽ **31.10.2020,** വൈകിട്ട് **4.00** മണി വരെയുള്ള തീയതികളിൽ **ഓൺലൈൻ പേയ്മെന്റ്** മുഖാന്തിരമോ കേരളത്തിലെ ഏതെങ്കിലും **ഹെഡ് പോസ്റ്റ് ഓഫീസ്** മുഖാന്തിരമോ അടച്ചതിനു ശേഷം പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഷെഡ്യൂൾ പ്രകാരം അതത് കോളേജുകളിൽ ഹാജരായി അഡ്മിഷൻ നേടേണ്ടതാണ്. അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ നിർബന്ധമായും അതാത് കോളേജുകളുടെ വെബ്സൈറ്റുകൾ പരിശോധിച്ച് പ്രവേശന ഷെഡ്യൂൾ മനസ്സിലാക്കുകയും കോളേജുമായി ബന്ധപ്പെട്ട് പ്രവേശന നടപടികൾ പൂർത്തിയാക്കേണ്ടതുമാണ്. ഗവൺമെന്റ്/എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിൽ അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾക്ക് അതാത് കോളേജുകളിൽ പ്രവേശനം നേടുന്നത് സംബന്ധിച്ച് ടെക്നിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർ തയ്യാറാക്കി നൽകിയ മാർഗനിർദ്ദേശങ്ങൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കോളേജുകളിൽ പ്രവേശനം നേടുന്നതിന് മുമ്പ് വിദ്യാർത്ഥികൾ പ്രസ്തുത മാർഗനിർദ്ദേശങ്ങൾ വായിച്ചു മനസ്സിലാക്കേണ്ടതാണ്.

കോവിഡ് 19 ന്റെ പ്രത്യേക പശ്ചാത്തലത്തിൽ ഏതെങ്കിലും കാരണത്താൽ കോളേജുകളിൽ നേരിട്ട് ഹാജരായി നിശ്ചിത തീയതിക്കുള്ളിൽ പ്രവേശനം നേടാൻ കഴിയാത്ത വിദ്യാർത്ഥികൾക്ക് അതത് കോളേജുമായി ബന്ധപ്പെട്ട് വെർചൽ ആയോ കോളേജ് അധികൃതർ നിർദ്ദേശിക്കുന്ന രീതിയിലോ പ്രവേശന നടപടികൾ പൂർത്തിയാക്കാവുന്നതാണ്. ഗവൺമെന്റ്/എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിൽ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അതാത് കോളേജുമായി ബന്ധപ്പെട്ട് കോളേജ് അധികൃതർ നിർദ്ദേശിക്കുന്ന ഗവൺമെന്റ്/എയ്ഡഡ് കോളേജുകളിലോ ഇതോടൊപ്പമുള്ള പട്ടികയിൽ ചേർത്തിട്ടുള്ള (പട്ടിക–1) സ്ഥാപനങ്ങളിലോ ഹാജരായി റ്റി.സി ഉൾപ്പെടെയുള്ള രേഖകൾ ഹാജരാക്കി പ്രവേശനം ഉറപ്പാക്കാവുന്നതാണ്.

സ്വാശ്രയ ഫാർമസി കോളേജുകളിൽ അലോട്ട്മെന്റ് ലഭിക്കുന്നവർ അലോട്ട്മെന്റ് മെമ്മോയിൽ പറയുന്ന പ്രകാരം പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അടയ്ക്കേണ്ട ഫീസ്/ അധിക തുക (ബാധകമെങ്കിൽ) **24.10.2020** മുതൽ **31.10.2020,** വൈകിട്ട് **4.00** മണി വരെയുള്ള തീയതികളിൽ **ഓൺലൈൻ പേയ്മെന്റ്** മുഖാന്തിരമോ കേരളത്തിലെ ഏതെങ്കിലും **ഹെഡ് പോസ്റ്റ് ഓഫീസ്** മുഖാന്തിരമോ അടച്ചതിനുശേഷം 2020 ഒക്ടോബർ **27, 28, 30, 31** തീയതികളിൽ അതത് കോളേജുകളിൽ നേരിട്ട് ഹാജരായോ വെർച്യുൽ ആയോ കോളേജ് അധികൃതർ നിർദ്ദേശിക്കുന്ന രീതിയിലോ പ്രവേശനം നേടേണ്ടതാണ്. പോസ്റ്റ് ഓഫീസുകളുടെ ലിസ്റ്റ് വെബ്സൈറ്റിൽ ലഭ്യമാണ്.

നിശ്ചിതസമയത്തിനകം (**31.10.2020, 4.00** മണിയ്ക്കകം) കോളേജുകളിൽ പ്രവേശനം നേടാത്ത വിദ്യാർത്ഥികളുടെ അലോട്ട്മെന്റും, ബന്ധപ്പെട്ട ഹയർ ഓപ്ഷനുകളും റദ്ദാകുന്നതാണ്. എല്ലാ കോളേജ് പ്രിൻസിപ്പൽമാരും അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികളുടെ വിവരം **31.10.2020, 5.00**മണിക്ക് മുൻപായി ഓൺലൈൻ അഡ്മിഷൻ മാനേജ്മെന്റ് സിസ്റ്റം മുഖേന സമർപ്പിക്കേണ്ടതാണ്.

## പട്ടിക 1

## TC സമർപ്പിക്കേണ്ട ഗവൺമെന്റ്/എയ്ഡഡ് എഞ്ചിനീയറിംഗ്/പോളിടെക്നിക്ക് കോളേജുകളുടെ ലിസ്റ്റ്

*(ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകളിൽ അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികൾക്ക് മാത്രം)*

| Sl.No | Name of College | District | Contact Number |
|---|---|---|---|
| 1 | All Government & Aided Engineering colleges under DTE | | |
| 2 | Government Polytechnic college, Periya | Kasargod | 9400006458 |
| 3 | Government Polytechnic college, Thirurangadi, Malappuram | Malappuram | 9400006449 |
| 4 | Government Polytechnic college, Kalamasseri, Ernakulam | Ernakulam | 9400006435 |
| 5 | Women's Government Polytechnic college, Kayamkulam | Alappuzha | 9400006427 |
| 6 | Government Polytechnic college, Adoor, Pathanamthitta | Pathanamthitta | 9400006424 |

Department of Pharmaceutical Sciences,Ettumanoor (DPB), Rajiv Gandhi Institute of Pharmaceutical Sciences, Puthupalli, Kottayam (RIB) എന്നീ ഫാർമസി കോളേജുകളിൽ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അഡ്മിഷൻ നടപടികൾക്കായി കോട്ടയത്തുള്ള (School of Medical Education, Gandhi Nagar, Kottayam) പ്രധാന ഓഫീസിലാണ് എത്തേണ്ടത്.

<u>കുറിപ്പ്:</u> അഡ്മിഷന് നേരിട്ട് ഹാജരാകുന്ന വിദ്യാർത്ഥികളും രക്ഷിതാക്കളും കോവിഡ് മാനദണ്ഡങ്ങൾ പൂർണ്ണമായും പാലിക്കേണ്ടതാണ്. അഡ്മിഷന് വിദ്യാർത്ഥിയോടൊപ്പം ഒരു രക്ഷിതാവ് മാത്രമേ എത്താൻ പാടുള്ളൂ. സാമൂഹിക അകലവും, കോവിഡ് സുരക്ഷയും ഉറപ്പാക്കുന്നതിന് കോളേജ് അധികൃതർ മുൻകരുതൽ സ്വീകരിക്കേണ്ടതാണ്.

**ഹെൽപ് ലൈൻനമ്പർ: 0471-2525300**

Sd/-

തിരുവനന്തപുരം
23.10.2020

**പ്രവേശന പരീക്ഷാ കമ്മീഷണർ**